## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 876**

**29 .09.2016-ൽ**
**മറുപടിയ്ക്ക്**

## വിവാദ ഉത്തരവുകൾ

**ചോദ്യം**
**ശ്രീ. പി. സി. ജോർജ്ജ്**

**മറുപടി**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**റവന്യുവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി**

(എ) മുൻ സർക്കാരിൻെറ കാലാവധി തീരുന്ന കാലത്ത് റവന്യു വകുപ്പ് ഒട്ടനവധി ഉത്തരവുകൾ ഇറക്കി വിവാദമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിവാദ ഉത്തരവുകൾ ഏതൊക്കെയാണ്; ആയവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) നിയമപരമല്ലാത്ത തരത്തിൽ പല ആൾക്കാരേയും സംഘടനകളേയും സഹായിക്കാൻ ഇറക്കിയതെന്ന ആക്ഷേപമുള്ള ഉത്തരവുകൾ റദ്ദ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(എ) (ബി) & (സി)

ഉണ്ട് ; കഴിഞ്ഞ മന്ത്രിസഭയുടെ അവസാന കാലത്ത് എടുത്തിട്ടുള്ള എല്ലാ മന്ത്രിസഭാ യോഗതീരുമാനങ്ങളും അതാത് വകുപ്പു സെക്രട്ടറിമാർ പരിശോധിച്ച് പുന: പരിശോധന ആവശ്യമുള്ളവ ശ്രീ. എ. കെ. ബാലൻ കൺവീനറായ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത സമിതിയുടെ അന്തിമ തീരുമാനം ലഭ്യമായതിന് ശേഷം മാത്രമേ വിവാദ ഉത്തരവുകൾ ഏതൊക്കെയെന്ന് വ്യക്തമാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ